(ഡി) പ്രവേശനക്കാരിൽ മറ്റു ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ എത്ര; അവരുടെ കൈവശം എത്ര ഭൂമിയുണ്ട്; അവരിൽ ആരെയെങ്കിലും ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെയെല്ലാം പേരു; അതു നിറുത്തിവയ്ക്കുമോ?

(ഇ) സർക്കാർ പുറംപോക്കും, തരിശും ഭൂമികളിൽനിന്നു ഭൂമിയുള്ളവരെയൊഴികെ മറ്റുള്ളവരെ ഒഴിപ്പിച്ചു ഭൂമി ഇല്ലാത്തവർക്കു പതിച്ചുകൊടുക്കുമോ?

ഉത്തരം.

(എ) എല്ലാ പകുതികളിലുമായി 6060 ഏക്കർ 37.580 സെന്റു പുറംപോക്കും, തരിശും സ്ഥലമുണ്ടു്.

(ബി) എല്ലാ പകുതികളിലുമായി ആകെ 2840 ഏക്കർ, 46 സെന്റു സ്ഥലത്തു പ്രവേശനമുണ്ടു്.

(സി) അനധികൃതപ്രവേശനക്കാരിൽ 453 പേർ മറ്റു ഭൂമിയുള്ളവരാണു്. അവരുടെ കൈവശം 244 ഏക്കർ, 91 സെന്റു സ്ഥലമുണ്ടു്. അവരെ ഒഴിപ്പിക്കുന്നതിനു ഭൂമിസംരക്ഷണ ആക്ടനുസരിച്ചുള്ള നടപടികൾ നടത്തിയിട്ടുണ്ടു്. ഏനാദിമംഗലം വില്ലേജിൽ 6 ആളുകളെ ഒഴിപ്പിച്ചിട്ടുണ്ടു്.

(ഡി) പ്രവേശനക്കാരിൽ 2030 ആളുകൾ മറ്റു ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളാണു്. അവരുടെ കൈവശം 2595 ഏക്കർ, 55 സെന്റു ഭൂമിയുണ്ടു്. അവരിൽ 677 പേരുടെ പേരിൽ ഒഴിപ്പിക്കൽ നടപടി എടുത്തിട്ടുണ്ടു്. അപ്രകാരം ഒഴിപ്പിക്കൽ നടപടി എടുത്തിട്ടുള്ളവരുടെ പേരുവിവരം ലിസ്റ്റു* ഇതോടെ ചേർത്തിരിക്കുന്നു. കുത്തകപ്പാട്ടം കൊടുക്കുവാൻ നിവൃത്തിയില്ലാത്ത ഭൂമികളിലെ എല്ലാ പ്രവേശനക്കാരെയും ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടു്. നിലവിലുള്ള ചട്ടങ്ങളനുസരിച്ചു കുത്തകപ്പാട്ടം കൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലെ പ്രവേശനം ഒഴിപ്പിക്കുന്നതിനു ഉള്ള നടപടി നിറുത്തിവയ്ക്കുന്നതല്ല.

(ഇ) സർക്കാർ ഭൂമിയിൽനിന്നും ഭൂമി ഉള്ള കുയ്യറക്കാരെ എൽ. സി. ആക്ടനുസരിച്ചു ഒഴിപ്പിക്കുന്നുണ്ടു്. ഭൂമിയില്ലാത്തവർക്കു കുത്തകപ്പാട്ടത്തിനു സ്ഥലം കൊടുക്കുന്നുമുണ്ടു്. പതിച്ചുകൊടുക്കാൻ ഇപ്പോൾ നടപടി നടക്കുന്നില്ല.

മന്ത്രിമാരുടെ സഞ്ചാരച്ചെലവു്.

257. [13] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏപ്രിൽ, മേയു് മാസങ്ങളിൽ മന്ത്രിമാരുടെ സഞ്ചാരച്ചെലവു മൊത്തം എത്ര;

(ബി) ഈ മാസങ്ങളിൽ തൃശ്ശൂർ ഡിസ്ട്രിക്ടിലേയ്ക്കു മാത്രമുള്ള സഞ്ചാരച്ചെലവു ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടു്.

ഉത്തരം.

(എ) 4,763 രൂപ നാലു് അണമാത്രം.

(ബി) 815 രൂപമാത്രം.

*Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly